നം.കെ.എസ്.എ-കെ.ടി.എം.പി7/18/2019 തീയതി : 20.02.2019

# കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 30.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 07.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2018 മുതൽ 07.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തോമസ്സ് ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ലിജോ ജോബ് | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാബുരാജ് ജി. | 1.04.2017 മുതൽ 3.08.2017 വരെ |
| | ശ്രീമതി ബിനിമോൾ | 4.08.2017 മുതൽ 31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജീവ് സി. | 01.04.17 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.വിമൽകുമാർ എം.ബി. | 01.04.17 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീ.കപിൽ കെ.എ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിനീത റ്റി.സ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശശികല കെ.ആർ. | 01.04.2017 മുതൽ 25.05.2017 വരെ |
| | ശ്രീമതി വനജകുമാരി | 26.05.2017 മുതൽ 04.06.2017 വരെ |
| | ശ്രീമതി പുഷ്പമ്മ | 05.06.2017 മുതൽ 22.10.2017 വരെ |
| | ശ്രീമതി രമ്യ നാരായണൻ | 23.10.2017 മുതൽ 26.11.2017 വരെ |
| | ശ്രീമതി ലളിതാദേവി | 26.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ആനി നെറിൻ സക്കറിയ | 01.04.2017 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബിനോജ് കെ.ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ലിബീഷ് മാത്യു | 01.04.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.ജോഷി ജോസഫ് | 01.04.2017 മുതൽ 30.11.17വരെ |
| | ശ്രീ.അനിൽകുമാർ ഡി. | 01.12.2017 മുതൽ 11.03.2018 വരെ |
| | ശ്രീ.ജോഷി ജോസഫ് | 12.03.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു |
| 2-2 | മൊബൈൽ ടവറുകളുടെ 2011-12 മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 2-3-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 2-3-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-3-3 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-4 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 2-5 | പെർമിറ്റ് ക്രമവൽക്കരണം -ഫീസ് ഈടാക്കിയതിൽ കുറവ് |
| 2-6 | ഇ-ടെൻഡർ- ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല |
| 2-7 | അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി തടികൾ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 3-1 | സൗരോർജ്ജ വിളക്ക് സ്ഥാപനം - തുടർ നടപടി സ്വീകരിക്കേണ്ടതാണ് |
| 3-2 | മരാമത്ത് പ്രവൃത്തി-പ്രോജക്ട് ഫയൽ സൂക്ഷിപ്പ് ക്രമപ്രകാരമല്ല |
| 3-3 | തദ്ദേശമിത്രം പദ്ധതി-ലോകബാങ്ക് ധനസഹായം 50% പോലും ചെലവഴിച്ചില്ല-ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം നിർമ്മാണപ്രവർത്തികൾ പാതി വഴിയിൽ |
| 3-4 | സേവനനികുതി പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിക്കുന്നു |
| 3-5 | ടെൻഡർ വ്യതിയാനം -കുറവ് ചെയ്തിട്ടില്ല-അധികം തുക കരാറുകാരന് നൽകി |
| 3-6 | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ -ഫലപ്രദമായി വിനിയോഗിക്കുന്നില്ല |
| 3-7 | റോഡ് ടാറിംഗ് പ്രവർത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-8 | കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല |
| 3-9 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി |
| 3-10 | കൊഴുവനാൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം-നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല-പരിപാലനത്തിന്റെ അഭാവം മൂലം വൃത്തിഹീനമായ നിലയിൽ |
| 3-11 | വലിയകുന്ന് അമ്പലം- പുളിക്കത്തടം റോഡ് ടാറിംഗ് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല |
| 3-12 | മണ്ണാനി മണക്കുന്ന് റോഡ് മെയിന്റനൻസ്- എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം -എസ്റ്റിമേറ്റ് പുതുക്കിയില്ല |
| 3-13 | പൗവ്വത്ത് എലവനാതൊട്ടുക എള്ളുംപ്ലാക്കൽ റോഡ് ടാറിംഗ് - പ്രവർത്തി പാതി വഴിയിൽ അവസാനിപ്പിച്ചത് -ക്രമപ്രകാരമല്ല |
| 3-14 | പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാച്ചെലവ് അധികമായി അനുവദിച്ചു |
| 3-15 | പാലിയേറ്റീവ് ആംബുലൻസ് വാടക-കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല |
| 3-16 | നിയമാനുസൃതമായ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 3-17 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 4-4 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2017-18 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2017 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 12.03.2018 തീയതിയിൽ ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3,37,701/- | 48,23,190.90/- |
| വരവ് | 9,16,70,020/- | 7,07,81,250/- |
| ആകെ | 9,20,07,721/- | 7,56,04,440.90/- |
| ചെലവ് | 8,92,13,386/- | 6,73,08,679/- |
| നീക്കിയിരിപ്പ് | 27,94,335/- | 82,95,761.90/- |

മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 04.05.2018-ലെ VII/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2018 ലെ A1-18/18 നം. കത്ത് പ്രകാരം നേരിട്ടും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.06.2018, 30.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 04.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി7-1296/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48,23,190.90/- |
| വരവ് | 7,07,81,250/- |
| ആകെ | 7,56,04,440.90/- |
| ചെലവ് | 6,73,08,679/- |
| നീക്കിയിരിപ്പ് | 82,95,761.90/- |

## 1-5 ഫണ്ട് വിനിയോഗം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 70,67,000/- | 70,67,000/- | 68,98,135/- | 1,68,865/- | 97.61 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 15,62,046/- | 15,62,046/- | 13,97,497/- | 1,64,549/- | 89.47 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 11,800/- | 11,800/- | 0 | 11,800/- | 0 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 1,58,94,511/- | 1,58,94,511/- | 1,58,60,454/- | 34,057/- | 99.79 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 25,91,000/- | 25,91,000/- | 25,31,362/- | 59,638/- | 97.70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 79,85,042/- | 79,85,082/- | 39,02,453/- | 40,82,589/- | 48.87 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രവിഹിതം) | 0 | 1,32,56,068/- | 1,32,56,068/- | 1,05,85,961/- | 26,70,107/- | 79.86 |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനവിഹിതം) | 0 | 84,40,501/- | 84,40,501/- | 0 | 84,40,501/- | 0 |
| ഐ.സി.ഡി.എസ്. (ICDS) | 44,741 | 12,36,748 | 12,81,489 | 4,38,726 | 8,42,763 | 34 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 4,600 | - | 4,600 | - | 4,600 | - |
| സർവ്വ ശിക്ഷാ അഭിയാൻ(SSA) | 1,16,351 | 4,335 | 1,20,686 | 29,262 | 91,424 | - |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക് പഞ്ചായത്ത്) | 0 | 2,55,000 | 2,55,000 | 2,55,000 | 0 | - |
| സംയുക്ത പ്രോജക്ട്(ജില്ലാ പഞ്ചായത്ത് വിഹിതം) | 0 | 6,00,000/- | 6,00,000/- | 3,75,000/- | 2,25,000 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 1,304 | 74,80,189 | 74,81,493 | 74,80,984 | 509 | - |
| ജനറൽ പർപ്പസ് ഫണ്ട് | 8,43,362 | 48,39,000 | 56,82,362 | 47,44,626 | 9,37,736 | - |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 48.39 ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. തനത് ഫണ്ടും ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള കണക്കുകളാണ് മേൽസൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

പദ്ധതി രൂപീകരണം

സ്ഥാപനത്തെ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹികനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമമാതൃകയാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29.3.2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭ | 20.4.17 മുതൽ 26.4.17 വരെയുള്ള വിവിധ തീയതികൾ |
| വികലാംഗ ഗ്രാമസഭ | 13.2.17 |
| വർക്കിങ്ങ് ഗ്രൂപ്പ് | 11.4.17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മെമ്പർമാരുടെയും മീറ്റിങ്ങ് | 27.6.17 |
| ആസൂത്രണ സമിതി | 19.5.17 |
| വികസനസെമിനാർ | 26.5.17 |

പദ്ധതി അംഗീകാരം

2017-18ലെ അന്തിമ വാർഷികപദ്ധതി അംഗീകരിച്ച് തീരുമാനിച്ചു (10.5.17ലെ തീരുമാനം I(1)). ജില്ലാ ആസൂത്രണസമിതിയുടെ 24.2.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ

6,07,73,933/-രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. 32 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 134 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 118 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | ചെലവ് | അടങ്കൽ | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 3 | 3 | 9,60,000/- | 9,60,000/- | 100 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 22,70,000/- | 16,77,400/- | 73.89 |
| 3. | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 2 | 2 | 3,75,000/- | 360980/- | 96.26 |
| 4 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 160000/- | 159870/- | 99.92 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 350,000/- | 350,000/- | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10 | 7 | 37,84,100/- | 28,15,678/- | 74.40 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 2193467/- | 2093616/- | 95.45 |
| 8. | സെക്രട്ടറി | 18 | 17 | 50,31,272/- | 49,45,170/- | 98.29 |
| 9. | ഹെഡ്മിസ്ട്രസ് | 5 | 4 | 498000/- | 401560/- | 80.63 |
| 10. | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 83 | 72 | 4,46,52,094/- | 2,85,17,526/- | 63.87 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 5,00,000/- | 5,00,000/- | 100 |
| ആകെ | | 134 | 118 | 60773933/- | 4,27,81,800/- | 70.39 |

ആകെ ചെലവ് ശതമാനം 70.39% മാത്രമാണ്. തൻവർഷം സംസ്ഥാന ബജറ്റ് പ്രകാരം റ്റി എസ് പി വിഹിതമായി ലഭിച്ചിരുന്ന തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾ ആരും തന്നെയില്ലായെന്നും തൻമൂലം ഊരുകൂട്ടയോഗങ്ങളും തൻവർഷം നടത്തിയിരുന്നില്ലായെന്നും അറിയിച്ചിരുന്നു. പെർഫോമൻസ് ഗ്രാന്റിന്റെ സംസ്ഥാനവിഹിതമായി 84,40,501/- രൂപ അലോട്ട്മെന്റായി ലഭിച്ചിരുന്നുവെങ്കിലും വർഷാവസാനം മാത്രം ലഭിച്ചതാകയാൽ ടി തുക വിനിയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

2017-18 വർഷം പദ്ധതി മാർഗ്ഗരേഖ പ്രകാരം അനിവാര്യമായി നിശ്ചയിച്ചമേഖലകളിൽ ഉൾപ്പടെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് കാര്യക്ഷമമായിരുന്നില്ല. നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകളിൽ സമയപട്ടിക നിശ്ചയിച്ചിരുന്നില്ല. കൂടാതെ മറ്റ് പ്രോജക്ടുകളുടെ മോണിറ്ററിങ്ങും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ കാര്യക്ഷമമായി നിർവ്വഹിച്ചതായി കാണുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ നിശ്ചയിക്കുക, എന്നീ ചുമതലകൾ ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി തൃപ്തികരമായി നിശ്ചയിക്കുന്നുവെങ്കിലും പദ്ധതി കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. പൊതുഭരണം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നൂതന പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിരുന്നില്ല.

വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ, കരാറുകാർ എന്നിവരെ വെവ്വേറെ യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നില്ല. കൃത്യമായ ആസൂത്രണക്കുറവ് മൂലം ലോകബാങ്ക് വിഹിതമായി ലഭിച്ച തുക പകുതി പോലും വിനിയോഗിക്കാൻ സാധിക്കാതെ വന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വനിതാ വികസനം, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, വൃദ്ധർ, കുട്ടികൾ എന്നിവയുമായി ബന്ധപ്പെട്ട നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടായിട്ടില്ല. സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധന മാത്രമായി സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം ചുരുങ്ങാതെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും ഇടപെടൽ ഉണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് ക്ലോസ് ചെയ്തിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 323 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 61 പ്രോജക്ടുകളിൽ 58 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 17206 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 407 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്.ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="3">മുന്നിരിപ്പ്</td><td>1,304/-</td></tr>
<tr><td rowspan="2">വരവ്</td><td>ഇ.എഫ്.എം.എസ്. വരവ്</td><td>69,76,182</td><td rowspan="2"></td></tr>
<tr><td>ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ)</td><td>5,04,007</td></tr>
<tr><td colspan="3">ആകെ 74,81,493</td><td></td></tr>
<tr><td rowspan="4">ചെലവ്</td><td>തൊഴിലാളികളുടെ വേതനം</td><td>69,76,182</td><td rowspan="4"></td></tr>
<tr><td>വിദഗ്ധ തൊഴിലാളികളുടെ വേതനം</td><td>4,29,000</td></tr>
<tr><td>ഉപകരണങ്ങളുടെ വില, വാടക</td><td>53,130</td></tr>
<tr><td>ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ)</td><td>22,672</td></tr>
<tr><td colspan="3">നീക്കിയിരിപ്പ്</td><td>509/-</td></tr>
</table>

എസ്.ബി.ഐ കൊഴുവനാൽ ശാഖയിലെ നം.67060216660 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 43 | 26,400/- |
| കർഷകതൊഴിലാളി പെൻഷൻ | 712 | 20,62,100/- |
| വിധവാപെൻഷൻ | 1376 | 41,07,000/- |
| വാർദ്ധക്യകാലപെൻഷൻ | 3350 | 1,05,63,200/- |
| വികലാംഗപെൻഷൻ | 486 | 14,74,400/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 42 | 1,28,000/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 24 | 3,00,000/- |
| ആകെ ബി-ഫണ്ട് | | 1,86,61,100/- രൂപ |

## 1-9 ക്യാഷ് പരിശോധന

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2018 തീയതിയിൽ 4 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4,508/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ഭാഗം-1 അനുബന്ധം ബി യിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടിസ്ഥാനമാക്കി കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെ പൊതുവെ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന് വിലയിരുത്തുന്നു.

ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. സ്റ്റോക്ക് രജിസ്റ്റർ, അസ്സസ്മെന്റ് രജിസ്റ്റർ, മിനിറ്റ്സ് ബുക്കുകൾ, കെട്ടിടനിർമാണ പെർമിറ്റ് രജിസ്റ്റർ എന്നിവ സാമാന്യം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് സംവിധാനം

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്. എങ്കിലും Narration നൽകുന്നതിലെ അപാകതകൾ മൂലം ഇടപാടുകളുടെ വിശദാംശം മനസ്സിലാക്കുന്നതിന് സാധിക്കാതെ വരുന്നു. ഉദാഹരണമായി ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുകകൾ പെനാൽറ്റീസ് &ഫൈൻ, എംപ്ലോയീസ് റിക്കവറി എന്നീ ശീർഷകങ്ങളിലാണ് വരവ് വെച്ചിരിക്കുന്നത്.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

Controls over Procurement of works & Stores

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനവൽ അനുസരിച്ചുള്ള പ്രവർത്തികളും വാങ്ങലുകളും നടത്തി വരുന്നു..

Payroll നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2018 | 10/2018 മുതൽ 11/2018 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2018 മുതൽ 16.02.2018 വരെ | 2016-17 വരെ | എൽ.ബി.എ(എച്ച്.ക്യൂ.) II/8A-2770/36 തീയതി 06.04.2018 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 7,91,70,036/- രൂപയും ചെലവ് 7,82,52,105/- രൂപയുമാണ്. ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. വാർഷിക കണക്കിനോടൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കിസമർപ്പിച്ചിരുന്നില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടപ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക്ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഇതിനായുള്ള അക്കൗണ്ട് ശുദ്ധീകരണ (purification ) നടപടികൾ പൂർത്തീകരിച്ചിട്ടില്ല.
4. എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം തൻവർഷം നാല് മരാമത്ത് പ്രവർത്തികൾക്കായി 10,24,865 രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ II(A) ഷെഡ്യൂൾ പ്രകാരം, ‘ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ‘ എന്ന ശീർഷകത്തിൽ വർഷാവസാന തുകയായി ചേർത്തിട്ടുള്ളത് 526176 രൂപ മാത്രമാണ്.
5. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ വർഷാവസാന നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള 11,127 രൂപയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊഴുവനാൽ ബ്രാഞ്ചിൽ 67144423833 ആയി നിലനിൽക്കുന്ന അക്കൗണ്ടിൽ 01.04.2015 മുതൽ ഇടപാടുകൾ നടക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം 27534/- രൂപ ഓപ്പണിംഗ് ബാലൻസുണ്ടായിരുന്നു. പലിശ അടക്കം 28,560/- രൂപ 31.03.2018 ൽ അക്കൗണ്ടിൽ ഉണ്ട്. മേൽപ്പറഞ്ഞ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ 2011-12 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 8 മൊബൈൽ ടവറുകളിൽ ചുവടെ ചേർക്കുന്ന ടവറുകളുടെ വസ്തുനികുതി നാളിതുവരെ അടവാക്കാത്തതായി കാണുന്നു.

| കെട്ടിട നം. | ടവർ | വസ്തു നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 3/279 M1 | ബി.എസ്.എൻ.എൽ | 3427 + 171 | 2011-12 മുതൽ നാളിതുവരെ |
| 8/42/M33 | ഇൻഡസ് ടവേഴ്സ് കൊച്ചിൻ | 14169 + 709 | 2012-13 മുതൽ നാളിതുവരെ |
| 9/37/M4 | ബി.എസ്.എൻ.എൽ | 3630+182 | 2011-12 മുതൽ നാളിതുവരെ |
| 11/313/M6 | റിലയൻസ് കമ്മ്യൂണിക്കേഷൻ കൊച്ചി | 20886+1045 | 2011-12 രണ്ടാം അർദ്ധവർഷം മുതൽ നാളിതുവരെ |
| 12/25/M5 | ബി.എസ്.എൻ.എൽ | 4800+24 | 2011-12 മുതൽ നാളിതുവരെ |

വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ള 4,82,587 രൂപയിൽ ഏറിയ പങ്കും മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയാണ്. കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 2,900/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേര്, സ്ഥാപനം | അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | സിന്ധുമോൾ പി.കെ. ഐഇഡിസിആർടി ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 99,900 | 450 | 750 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 2 | സനിത കെ. ഐഇഡിസിആർടി ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 99,900 | 450 | 750 | 300 |
| 3 | അനിത കെ. ഐഇഡിസിആർടി ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 99,900 | 450 | 750 | 300 |
| 4 | ബിജി കെ.സണ്ണി അക്കൗണ്ടൻറ് ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 1,14,000 | 750 | 1,000 | 250 |
| 5 | രതീഷ് കെ.ആർ. ഡാറ്റാ എൻട്രി ഓപ്പറേറ്റർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 1,14,000 | 750 | 1,000 | 250 |
| 6 | ജോബിമോൻ കെ. സ്പെഷ്യൽ ടീച്ചർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 1,51,200 | 1,000 | 1,250 | 250 |
| 7 | ചിഞ്ചു മുരളി സ്പെഷ്യൽ ടീച്ചർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 1 | 1,51,200 | 1,000 | 1,250 | 250 |
| 8 | രതീഷ് കെ.ആർ. ഡാറ്റാ എൻട്രി ഓപ്പറേറ്റർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 2 | 1,14,000 | 750 | 1,000 | 250 |
| 9 | ജോബിമോൻ കെ. സ്പെഷ്യൽ ടീച്ചർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 2 | 1,51,200 | 1,000 | 1,250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ചിന്തു മുരളി സ്പെഷ്യൽ ടീച്ചർ ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 2 | 1,51,200 | 1,000 | 1,250 | 250 |
| 11 | ബിജി കെ.സണ്ണി അക്കൗണ്ടന്റ് ബ്ലോക്ക് റിസോഴ്സ് സെന്റർ കൊഴുവനാൽ | 2 | 1,14,000 | 750 | 1,000 | 250 |
| | ആകെ | | | | | **2,900** |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (4/31.12.2018) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരുടെ കുറവായ തൊഴിൽ നികുതി 2,900/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3-2 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റോഫീസ്, കെഴുവൻകുളം | 1,2 |
| 2 | സർവ്വീസ് സഹകരണ ബാങ്ക്, തോടനാൽ | 1,2 |
| 3 | ഷാജു ഫൈനാൻസ് | 1,2 |
| 4 | മേവട ക്ഷീരോല്പാദന സഹകരണ സംഘം | 1,2 |
| 5 | റോയൽ ലാറ്റക്സ് ടെക്നോളജീസ് | 1,2 |
| 6 | ധന്യാ ഫൈനാൻസ് | 1,2 |
| 7 | വർഷ ഇൻഡസ്ട്രിയൽ പ്രോജക്ട്സ് | 1,2 |
| 8 | പേമലയിൽ ബാങ്കേഴ്സ് | 1,2 |
| 9 | പി ജെ എസ് ഇൻഡസ്ട്രീസ് | 1,2 |
| 10 | ട്രൂ വിഷൻ ചൈൽഡ് റിസോഴ്സ് സെൻറർ | 1,2 |
| 11 | സെൻറ് സ്റ്റീഫൻസ് ഡയഗ്നോസ്റ്റിക് സെൻറർ | 1,2 |
| 12 | തേവരോലിക്കൽ ഹോമിയോ ക്ലിനിക്, കെഴുവൻകുളം | 1,2 |
| 13 | എലൈൻ ഹോമിയോ ക്ലിനിക് | 1,2 |
| 14 | മുണ്ടുവാലയിൽ റബ്ബർ നഴ്സറി | 1,2 |

| | | |
|---|---|---|
| 15 | പഴനിലത്ത് & ചൂരനോലിൽ റബ്ബർ നഴ്സറി | 1,2 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/31.12.2018) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3-3 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, തോടനാൽ | 1,2 |
| 2 | നിരപ്പേൽ ഹോമിയോ ക്ലിനിക്, മേവട | 1,2 |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, കൊഴുവനാൽ | 1,2 |
| 4 | കോട്ടയിൽ വൈദ്യശാല ഹോമിയോ ക്ലിനിക് | 1,2 |
| 5 | ദീപ്തി ഹോമിയോ ക്ലിനിക് | 1,2 |
| 6 | എം ജെ ടെലി സർവീസസ് | 1,2 |
| 7 | M/s ഈവ് ലിങ്ക്സ് | 2 |
| 8 | സെന്റ് സ്റ്റീഫൻസ് ഡയഗ്നോസ്റ്റിക് സെൻറർ | 1,2 |
| 9 | തേവരോലിക്കൽ ഹോമിയോ ക്ലിനിക്, കെഴുവൻകുളം | 1,2 |
| 10 | എലൈൻ ഹോമിയോ ക്ലിനിക് | 1,2 |
| 11 | മുണ്ടുവാലയിൽ റബ്ബർ നഴ്സറി | 1,2 |
| 12 | പഴനിലത്ത് & ചൂരനോലിൽ റബ്ബർ നഴ്സറി | 1,2 |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (6/31.12.2018) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം -3ന് അനുബന്ധമായ 1-ാംപട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം -3പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിൻെറ പ്രദേശത്തിൻെറ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ കൊഴുവനാൽ പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെയും ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെയും 2017-18 വർഷം പ്രവർത്തിച്ചിരുന്നതായി കാണുന്നു.

1. തമ്പാൻസ് മേവട മെഡിക്കൽ സെന്റർ, ആയുർവേദം

2. കോട്ടയിൽ വൈദ്യശാല ഹോമിയോ ക്ലിനിക്

സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെയും ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും ഉണ്ടാക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/31.12.2018) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പിഴ

ഈടാക്കുന്നതിനും 2018-19 വർഷം രജിസ്ട്രേഷൻ നടത്തി ലൈസൻസ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. മേൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 പെർമിറ്റ് ക്രമവൽക്കരണം -ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15/തസ്വഭവ നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ലാത്തതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | പ്ലിന്ത് ഏരിയ (ച.മി) | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് (മൂന്ന് മടങ്ങ്) | ഈടാക്കിയത് (രണ്ട് മടങ്ങ്) | കുറവ് |
|---|---|---|---|---|
| സതീഷ് കുമാർ ശ്രീവിലാസം (പാർപ്പിടം)v/21 | 156.67 | 156.67x3x3 =1410 | 156.67x3x2 =940 | 470 |
| ഉമാദേവി കെ.എം. കടുംപാതിയിൽ (വാണിജ്യം)xiii/61 B | 27 | 27x5x3 =405 | 27x5x2 =270 | 135 |
| ദിലീപ് വേണുഗോപാൽ (പാർപ്പിടം)VII/66A | 207 | 207x3x3 =1863 | 207x3x2 =1242 | 621 |
| ജോയ് തോമസ് തകടിപ്പുറത്ത് (പാർപ്പിടം)iX/186A | 175.02 | 175.02x3x3 =1576 | 175.02x3x2 =1051 | 525 |
| തങ്കച്ചൻ മേവയാറത്ത് (പാർപ്പിടം)xiii/200 | 129.05 | 129.05x3x3 =1161 | 129.05x3x2 774 | 387 |
| അഞ്ജു കെ.ആർ. രാധാമന്ദിരം തോടനാട് (വാണിജ്യം)vi/91A | 80.61 | 80.61x5x3 =1209 | 80.61x5x2 =807 | 402 |
| സുധർമ്മ ഗോപാലകൃഷ്ണൻ (വാണിജ്യം)ii/218B | 13.44 | 13.44x5x3 =202 | 13.44x5x2 =134 | 68 |
| റോസ് ജോസഫ് കളരുപാറ (പാർപ്പിടം)v/259A | 193.05 | 193.05x3x3 =1737 | 193.05x3x2 = 1158 | 579 |
| ആകെ | | | | **3,187** |

രാജിയാക്കൽ ഫീ ഇനത്തിൽ കുറവായി ഈടാക്കിയ തുകയായ 3,187/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
ഇത് സംബന്ധിച്ച് 4.1.19ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവൽക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും സോഫ്റ്റ്‌വെയർ നിലവിൽ വന്നതിന് ശേഷം ക്രമവൽക്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ- ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനതുഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/ 2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൊഴുവനാൽ ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ.യിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | അടങ്കൽ തുക | ലഭിക്കേണ്ട തുക |
|---|---|---|---|
| മോനിപ്പള്ളി ഫുട്പാത്ത് മെയിന്റനൻസ് | 1 | 5,02,000 | 1,124 |
| അറക്കൽ തൈതോട്ട് റോഡ് മെയിന്റനൻസ് | 1 | 6,60,000 | 1,475 |
| താഴേത്തുരുത്തി കൊങ്ങൂത്തറ റോഡ് ടാറിംഗ് | 2 | 9,50,000 | 4,256 |
| അറക്കൽ ആശുപത്രിപ്പടി റോഡ് മെയിന്റനൻസ് | 2 | 9,75,000 | 4,368 |
| താഴേറമറ്റം തട്ടുപാലം റോഡ് മെയിന്റനൻസ് | 3 | 5,20,000 | 3,494 |
| പൗവ്വത്ത് ഇലവന്തറ റോഡ് മെയിന്റനൻസ് | 3 | 5,45,000 | 3,662 |
| ടാറിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റീടാറിംഗ് -മഹാത്മാഗാന്ധി റോഡ് | 1 | 7,25,000 | 1,624 |
| പൂവേലിക്കുന്ന് മോനിപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 6 | 7,80,000 | 10,483 |
| മുത്തക്കുന്നേൽ ചെങ്ങലമറ്റം റോഡ് കോൺക്രീറ്റിംഗ് | 6 | 8,80,000 | 11,827 |
| പെരുമാറം പാലപ്പുഴക്കുന്നേൾ റോഡ് കോൺക്രീറ്റംഗ് | 2 | 5,50,000 | 2,464 |
| അയലക്കുന്ന് കോട്ടാങ്കൽ റോഡ് കോൺക്രീറ്റിംഗ് | 8 | 6,50,000 | 11,648 |
| തോട്ടുവ മോനിപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 9 | 5,00,000 | 10,080 |
| അങ്കണവാടികളുടെ മെയിന്റനൻസ് | 2 | 7,35,000 | 3,292 |
| ആകെ | | | **69,797** |

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള 69,797 രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 <u>അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി തടികൾ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല</u>

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി തടികൾ ലേലം ചെയ്യുന്നതിന് താഴെപ്പറയുംപ്രകാരം കമ്മറ്റി തീരുമാനങ്ങൾ എടുത്തിരുന്നു.

1. 23.09.2017 ലെ ജനറൽ കമ്മറ്റി അജണ്ട 4 തീരുമാന നമ്പർ 1 - മൂലേത്തുണ്ടി പ്രദേശത്ത് തോട്ടുപുറമ്പോക്കിൽ കടപുഴകി വീണ് കിടക്കുന്ന ആഞ്ഞിലി മരവും അപകടാവസ്ഥയിൽ നിൽക്കുന്ന ആഞ്ഞിലി മരവും വെട്ടിമാറ്റുന്നതിനുള്ള അനുമതിക്കും തടികൾ ലേലം ചെയ്യുന്നതിന് വാല്യൂവേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

2. 24.10.2017 ലെ ജനറൽ കമ്മറ്റി അജണ്ട 11 തീരുമാന നമ്പർ 2 - കൊഴുവനാൽ വെറ്ററിനറി ഡിസ്പെൻസറി

കെട്ടിട വളപ്പിൽ നിൽക്കുന്ന മരുത്, മാവ്, തേക്ക് എന്നീ വൃക്ഷങ്ങൾ നിലവിലുള്ള ഡിസ്പെൻസറി കെട്ടിടം പൊളിച്ച പണിയുന്നതിനാലും സമീപത്തുള്ള വീടിന് ഭീഷണിയായതിനാലും വെട്ടിമാറ്റുന്നതിനുള്ള അനുമതിക്കും തടികൾ ലേലം ചെയ്യുന്നതിന് വാല്യൂവേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

മേൽ കമ്മറ്റി തീരുമാനങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുന്നത് സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിനുള്ള (16/05.01.2019) മറുപടിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന് അനുമതിയും വാല്യൂവേഷനും ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി വിഭാഗത്തോട് അഭ്യർത്ഥിച്ചിരുന്നതായും ടി ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്തി വൃക്ഷങ്ങളുടെ അളവുകൾ ശേഖരിച്ചിരുന്നതായും അറിയിച്ചിട്ടുണ്ട്. കൂടാതെ റിപ്പോർട്ട് ടി കമ്മറ്റിക്ക് സമർപ്പിച്ചിരിക്കുകയാണെന്നാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നും ആയത് ലഭ്യമായാൽ ഉടൻ വൃക്ഷങ്ങൾ വെട്ടിമാറ്റി തടികൾ ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ വെട്ടിമാറ്റാതിരിക്കുന്നതുമൂലമുള്ള അപകടാവസ്ഥയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിൽ അധിഷ്ഠിതമായതിനാൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തെ അടിയന്തിര സാഹചര്യം ബോധിപ്പിച്ച് വാല്യുവേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സൗരോർജ്ജ വിളക്ക് സ്ഥാപനം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 86/18 |
| ചെലവ് | 92,988 രൂപ (13-ാം ധനകാര്യ കമ്മീഷൻ)<br>(ബിൽ നം. -33/18<br>/27.2.18) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിനായി 92,988 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സൗരോർജ്ജ വിളക്ക് വിതരണംചെയ്ത ഓമിലക്സ് സർവ്വീസസ്, നമ്പ്യാകുളം എന്ന സ്ഥാപനവുമായി കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല. ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ചേർത്തിരിക്കുന്നത്. 4 വാർഡുകളിൽ വിളക്ക് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തോടനാൽ ജംഗ്ഷനിലുള്ള സൗരോർജ്ജ വിളക്ക് രാത്രി മുഴുവൻ പ്രവർത്തിക്കുന്നില്ലെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ആയത് പരിഹരിക്കാൻ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതും കരാർ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്

### 3-2 മരാമത്ത് പ്രവൃത്തി-പ്രോജക്ട് ഫയൽ സൂക്ഷിപ്പ് ക്രമപ്രകാരമല്ല

2017-18 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. ഫയൽ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ കാരണങ്ങളാൽ പുതുക്കുന്ന എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നില്ല.
2. നിർമ്മാണത്തിന്റെ ആവശ്യകത, വർക്ക് സൈറ്റിന്റെ പ്രത്യേകത, ഏതൊക്കെ പ്രവർത്തികൾ ഉൾപ്പെടുന്നു എന്നെല്ലാം വിശദീകരിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.
3. നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സൈറ്റ് പ്ലാൻ ഫയലിൽ സൂക്ഷിക്കുന്നില്ല.
4. കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി, കരാർ വയക്കേണ്ട തീയതി എന്നിവപോലും രേഖപ്പെടുത്താതെ അപൂർണ്ണമായി കാണുന്നു. നിശ്ചിത സമയത്തിനുള്ളിൽ കരാർ വയക്കുന്നുണ്ടെന്ന് ഇത് മൂലം ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

5. കരാർ രേഖകൾ പല ഫയലുകളിലും അപൂർണ്ണമാണ്. പൂർത്തീകരണ തീയതി സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല.

6. കരാറുകാരന് സൈറ്റ് കൈമാറിക്കൊടുക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

7. പാർട്ട് ബില്ലിൽ നിന്നും ഈടാക്കുന്ന റിട്ടെൻഷൻ തുകകൾ പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിക്കുന്നതിന് പകരം ബില്ലിൽ നിന്നും കുറവു ചെയ്യുന്നു.

8. 30-10-17 ലെ സർക്കുലർ നം.59827/FM/07/തസ്വഭവ പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കാലി ബാരലുകളുടെ വില ബില്ലിൽ കുറവു ചെയ്യേണ്ടതിന് പകരം പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. ഉദാഹരണമായി പ്രോജക്ട് നം.57/18അറയ്ക്കൽ ആശുപത്രിപ്പടി റോഡ് ടാറിങ്ങ് എന്ന പ്രവർത്തിയുടെ ബിൽ തയ്യാറാക്കിയതിൽ ബാരൽ വില കുറവ് ചെയ്യേണ്ടതിന് പകരം ബാരൽ വില കണക്കാക്കിയ 2,670/- രൂപ പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

9. ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന് കാണുന്നു. ഗുണഭോക്താക്കൾ യോഗം ചേർന്ന് കൺവീനറെയും ചെയർമാനെയും തിരഞ്ഞെടുക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ മാത്രമേ പല നിർമ്മാണപ്രവർത്തികളിലും നടപ്പാക്കി കാണുന്നുള്ളൂ.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-3 തദ്ദേശമിത്രം പദ്ധതി-ലോകബാങ്ക് ധനസഹായം 50% പോലും ചെലവഴിച്ചില്ല-ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം നിർമ്മാണപ്രവർത്തികൾ പാതി വഴിയിൽ

തദ്ദേശമിത്രം പദ്ധതി പ്രകാരം പിന്നാക്കാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അധിക ധനസഹായം അനുവദിക്കുന്നതിനായി കൊഴുവനാൽ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെടുകയും ലോകബാങ്ക് പ്രത്യേക ഗ്രാന്റായി 30.11.2016 ലെ ജി.ഒ (ആർ.ടി) നം.9307/2016/ഫിൻ പ്രകാരം 2016-17 വർഷം 2 കോടി രൂപ അലോട്ട്മെന്റായി ലഭിക്കുകയും ചെയ്തിരുന്നു. ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുള്ളത് താഴെപ്പറയുന്ന പ്രവൃത്തികൾക്കാണ്.

1-മേവട കമ്മ്യൂണിറ്റി ഹാൾ (അടങ്കൽ–1,23,30,000/-രൂപ)

2-തോടനാൽ ആയുർവ്വേദാശുപത്രി അഡീഷണൽ ബ്ലോക്ക് (അടങ്കൽ–56,34,000/-രൂപ)

3-കെഴുവംകുളം തോട് ആലുതറപ്പാറ ചെക്ക് ഡാം നിർമ്മാണം (അടങ്കൽ–20,36,000/-രൂപ)

മേൽപറഞ്ഞ 3 പ്രോജക്ടുകൾക്കുമായി 2017-18 വർഷം ആകെ 94,81,757/- രൂപ (47.4%)മാത്രമാണ് ചെലവഴിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണ മേൽനോട്ടത്തിനായി മാത്രം പ്രോജക്ട് ഡയറക്ടറുടെ നിർദ്ദേശാനുസരണം 5.11.16 മുതൽ കരാർ അടിസ്ഥാനത്തിൽ ഒരു ഓവർസീയറെ നിയമിച്ചിട്ടുമുണ്ട്.(ഉത്തരവ് നം.എ1-3308/16 തീ:1.11.16). 8.12.17 ലെ ജി.ഒ.(എംഎസ്)240/2017/LSGD പ്രകാരം കെഎൽജിഎസ്ഡിപി യുടെ ആദ്യഘട്ട പ്രോജക്ടുകൾ 29.12.2017ന് അവസാനിക്കുമെന്ന് ഉത്തരവുണ്ടായതിന്റെ അടിസ്ഥാനത്തിൽ 2017 ഡിസംബർ മാസത്തോടുകൂടി ഗ്രാമപഞ്ചായത്തിൽ മേൽ പരാമർശിച്ച വർക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരുന്നു. മേൽപറഞ്ഞ പ്രോജക്ടുകളിലെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേവട കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പാതി വഴിയിൽ നിലച്ചു

| | |
|---|---|
| പ്രോജക്ട് നം. | 119/18 |
| അടങ്കൽ | 1,23,30,000/- |
| ചെലവ് | 36,98,646/- |
| കരാറുകാരൻ | കെ.ആർ.രാധാകൃഷ്ണൻ (73,01,734.42/-)<br>31.24% below |
| കരാർ നം. | 48/AE/LSGD/KVL/2016-17 തീയതി 30.03.17 |

| | |
|---|---|
| എംബുക്ക് നം. | 48,48A,48B,48C/16-17 |
| ബിൽ നം. | 28/17-18 തീയതി 30.10.17<br>32/17-18 തീയതി 18.12.17<br>35/17-18 തീയതി 29.12.17 |

പ്രസ്തുത പ്രോജക്ടിനായി കെഎൽജിഎസ്ഡിപി ഡയറക്ടർക്ക് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) പ്രകാരം പൂർത്തീകരണകാലാവധി 6 മാസമായിരുന്നു. 30.3.17ന് കരാർ വച്ച കരാറുകാരൻ 30.09.17ന് മുൻപ് മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കേണ്ടിയിരിക്കെ പ്രവർത്തിയുടെ പകുതി പോലും പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നത് നിർവ്വഹണഉദ്യോഗസ്ഥന്റെ ജാഗ്രതക്കുറവ് മൂലമാണ്. 8.05.2017 ൽ ബഹു. ജില്ലാകളക്ടറുടെ ചേമ്പറിൽ നടത്തിയ തദ്ദേശമിത്രം പദ്ധതികളുടെ ജില്ലാതല അവലോകന മീറ്റിങ്ങിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം 2017 സെപ്റ്റംബർ 30 നകം പൂർത്തീകരിക്കുമെന്ന് കരാറുകാരൻ സമ്മതിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല. 50% തുക മാത്രമാണ് 31.12.2017 വരെ ചെലവഴിക്കുവാനായത്. ടെൻഡർ സേവിങ്ങ്സായി ലഭിച്ച തുകയായ 50,28,266/-രൂപയും (1,23,3000-7301734) പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചിരുന്നുവെങ്കിൽ കെട്ടിടത്തിന്റെ മറ്റ് അനുബന്ധപ്രവർത്തികൾക്കായി വിനിയോഗിക്കാമായിരുന്നു. തൻമൂലം മേൽ പരാമർശിച്ച തുകയും പാഴായ അവസ്ഥയാണ്. 05.01.19 ന് മുൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചാർജ്ജ് വഹിച്ചിരുന്ന ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ 2 നിലകൾ, ബെസ്മെന്റ് എന്നിവയുടെ സ്ട്രക്ച്ചർ വർക്കുകൾ മാത്രം പൂർത്തീകരിച്ച് കെട്ടിടം പണി പാതിവഴിയിൽ നിലച്ച അവസ്ഥയിൽ കാണപ്പെട്ടു.



പാതി വഴിയിൽ നിലച്ച മേവട കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വന്ന വീഴ്ചമൂലം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 86,31,354/-രൂപ നഷ്ടമായി. ഈ വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും

ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിരുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിൽ അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കിയിരുന്നുമില്ല. പ്രവൃത്തിയിൽ നിർദ്ദിഷ്ടപുരോഗതി കൈവരിക്കാത്ത കരാറുകാരനിൽ നിന്ന് ലിക്വിഡേറ്റഡ് ഡാമേജ്(പരമാവധി 10%) ഉൾപ്പടെയുള്ള നഷ്ടപരിഹാര തുക ഈടാക്കാമായിരുന്നു. കരാർ ഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും യാതൊരു പിഴയും ഈടാക്കാതെ തന്നെ മുഴുവൻ ബിൽ തുകയും മാറിനൽകിയത് ശരിയായ നടപടിയല്ല. വരും വർഷങ്ങളിൽ തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**2)** <u>തോടനാൽ ആയുർവ്വേദാശുപത്രി നിർമ്മാണം</u>

| | |
|---|---|
| പ്രോജക്ട് നം. | 120/18 |
| അടങ്കൽ | 56,34,000/- |
| ചെലവ് | 45,39,325/- |
| കരാറുകാരൻ | സന്തോഷ് തോമസ് (51,71,846.74/-)<br>20.45% below |
| കരാർ നം. | 46/AE/LSGD/KVL/2016-17 തീയതി 30.03.17 |
| എംബുക്ക് നം. | 46,46A,46B,46C/16-17 |
| ബിൽ നം. | 29/17-18 തീയതി 30.10.17<br>34/17-18 തീയതി 29.12.17 |

ആയുർവ്വേദാശുപത്രി കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഇലക്ട്രിഫിക്കേഷനും പൂർത്തിയാക്കിയിരുന്നു. കെട്ടിടത്തിന് പ്രവർത്തനസജ്ജമാകുവാൻ വാട്ടർ കണക്ഷൻ, മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ ഒരുക്കേണ്ടതും കെട്ടിടത്തിലേക്കുള്ള വഴി കോൺക്രീറ്റിങ്ങ്, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. കെഎൽജിഎസ്ഡിപി ഡയറക്ടർക്ക് സമർപ്പിച്ച വിശദ പദ്ധതി റിപ്പോർട്ട്( Detailed Project Report) പ്രകാരം പ്രസ്തുത പ്രോജക്ടിന്റെയും പൂർത്തീകരണകാലാവധി 6 മാസമായിരുന്നു. എന്നാൽ എസ്റ്റിമേറ്റിലുള്ള മുഴുവൻ പ്രവർത്തികളും പൂർത്തിയാക്കാതെ തന്നെ അവസാനബിൽ തുക മാറി നൽകിയിരുന്നു. പ്രവർത്തി പൂർത്തീകരിക്കുന്നതിന് തുടർ പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതാണ്.

**3)** <u>കെഴുവംകുളം ആലുതറപ്പാറ ചെക്ക് ഡാം നിർമ്മാണം</u>

| | |
|---|---|
| പ്രോജക്ട് നം. | 121/18 |
| അടങ്കൽ | 20,36,000/- |
| ചെലവ് | 12,43,786/- |
| കരാറുകാരൻ | ഷാജി മാത്യൂ(14,04,840)<br>31% below |
| കരാർ നം. | 47/AE/LSGD/KVL/2016-17 തീയതി 30.03.17 |
| എംബുക്ക് നം. | 47/16-17 |
| ബിൽ നം. | 20/17-18 തീയതി 22.09.17<br>34/17-18 തീയതി 29.12.17 |

ചെക്ക് ഡാമിന്റെ പ്രധാന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ രൂപരേഖ തയ്യാറാക്കുന്നതിൽ ഗുരുതരമായ പാളിച്ച സംഭവിച്ചിട്ടുള്ളതായി 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഒരു പലക ഷട്ടറായി സ്ഥാപിച്ചപ്പോൾ തന്നെ സമീപസ്ഥ പുരയിടങ്ങളിലേയ്ക്ക് വെള്ളം കയറിയതായി സമീപവാസികൾ അറിയിച്ചതായി ഫയലിൽ കാണുന്നു. ചെക്ക് ഡാം നിർമ്മാണത്തിന് ചില സ്വകാര്യ വ്യക്തികളുടെ പരാതിയെ തുടർന്ന് പാലാ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ 18.5.17 ലെ എം.1/1724/17 നമ്പർ ഉത്തരവ് പ്രകാരം തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/7.1.19)മറുപടിയായി സ്റ്റേ ഓർഡർ റദ്ദ് ചെയ്തിരുന്നതായും പണികൾ പൂർത്തീകരിച്ചതായും

അറിയിച്ചിട്ടുണ്ട്. ചെക്ക് ഡാമിന്റെ വശങ്ങളിൽ സംരക്ഷണഭിത്തിനിർമ്മാണം ഉൾപ്പടെ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവർത്തികൾക്കായി തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## 3-4 സേവനനികുതി പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിക്കുന്നു

ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ 25.11.2016 ലെ ഇൻഡ്&പി.ഡബ്ലിയു.ബി2/187/16 കത്ത് ആധാരമാക്കി 2016-17 ൽ ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് സേവന നികുതി ഉൾപ്പെടെയുള്ള തുക കരാറുകാർക്ക് നല്കാവുന്നതാണ്. കോട്ടയം ബിൽഡിംഗ്സ് ഡിവിഷനിൽ നിന്നും നല്കിയ മേൽ കത്തിലെ നിർദ്ദേശാനുസരണം എല്ലാ കരാറുകാർക്കും സേവനനികുതി രജിസ്ട്രേഷൻ നിർബന്ധമാണെന്നും, സേവന നികുതി അടച്ച രസീത് കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി നിക്ഷേപം മടക്കി നല്കുന്നതിന് മുൻപ് സേവന നികുതി അടച്ച രസീത് കണ്ട് ബോധ്യപ്പെടേണ്ടതാണെന്നും ഓരോ മാസവും കരാറുകാർക്ക് നല്കിയ ബില്ലുകളുടെ വിവരങ്ങൾ സേവനനികുതി അക്കൗണ്ട് നമ്പർ ഉൾപ്പെടെ സേവന നികുതി വിഭാഗത്തിന് അയച്ചു കൊടുക്കേണ്ടതുമാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പ്രവർത്തികൾക്ക് വേലമൂല്യത്തിന്റെ 6% തുക സേവന നികുതിയായി കണക്കാക്കി ട്രഷറിയിൽ നിന്നും പിൻ വലിച്ച് sale of empties &waste material എന്ന ശീർഷകത്തിൽ തനതുഫണ്ടിൽ സൂക്ഷിക്കുന്നു. കരാറുകാരന് നൽകി കേന്ദ്രസർക്കാരിലേക്ക് അടവാക്കേണ്ട സേവന നികുതി ഇപ്രകാരം അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം.119/18മേവട കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 3 പാർട്ട് ബില്ലുകളിലായി പിൻവലിച്ച സേവനനികുതി= 101725+45661+61971=2,09,357/- |
| പ്രോജക്ട് നം.120/18 തോടനാൽ ആയുർവ്വേദാശുപത്രി നിർമ്മാണം | ആദ്യ പാർട്ട് ബില്ലിൽ നിന്നും പിൻവലിച്ച സേവനനികുതി=89,383/- |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,(നം.24/7.1.19) മറുപടിയായി സേവനനികുതി ഉടൻതന്നെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കാമെന്ന് സെക്രട്ടറി മറുപടി നൽകി. സേവനനികുതി ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ടെൻഡർ വ്യതിയാനം -കുറവ് ചെയ്തിട്ടില്ല-അധികം തുക കരാറുകാരന് നൽകി

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ താഴെ പറയുന്ന വർക്കുകൾക്ക് കരാർ അംഗീകരിച്ച് കരാറുകാർ ക്വാട്ട് ചെയ്തിരുന്ന കുറഞ്ഞ നിരക്കിലുള്ള ടെൻഡർ വ്യതിയാനം അവസാന ബിൽ തുകയിൽ നിന്നും കുറവ് ചെയ്തിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. /പേര് | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | ആകെ വേല മൂല്യം (ബിൽ നം ) | കുറവ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 89/18വാട്ടർ കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ | സിജുമോൻ സി. | 2.1% below | 107064 (62/22-2-18) | 2,248/- |
| 69/18 മേവിട എൽപി സ്കൂൾ മെയിന്റനൻസ് | സിജുമോൻ സി. | 6.5% below | 259762 (96/28-3-18& 83/24-3-18) | 16,884/- |
| 70/18 തോടനാൽ പിഎച്ച്സി മെയിന്റനൻസ് | സിജുമോൻ സി. | 11.8% below | 190856 (81/24-3-18& 97/28-3-18) | 22,521 |
| 34/18 കാവുംപടി മലയിരുത്തി റോഡ് മെയിന്റനൻസ് | സിജുമോൻ സി. | 6.95% below | 213838 (56/30-1-18) | 14,862 |

| | | | | |
|---|---|---|---|---|
| 66/18 അള്ളുങ്കൽ-വള്ളിക്കാട്ടുകുഴി റോഡ് മെയിന്റനൻസ് | സിജുമോൻ സി. | 13.15% below | 489968 (42/27-1-18) | 64,430 |
| ആകെ | | | | 1,20,945 |

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം.10/4.1.15) അധികമായി നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കിക്കൊള്ളാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അവസാന ബിൽ തുകയിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ടെൻഡർ വ്യതിയാനമായ 1,20,945/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-6 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ -ഫലപ്രദമായി വിനിയോഗിക്കുന്നില്ല

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജലം ശേഖരിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വാട്ടർ കിയോസ്കുകൾ അനുവദിക്കുകയും കൊഴുവനാൽ ഗ്രാമപഞ്ചായത്തിന് 4 കിയോസ്കുകൾ അനുവദിക്കുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് നം.89/18 പ്രകാരം 4 കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിന് വികസന ഫണ്ട് 1,07,064/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 852/2017/ഡിഎംഡി തീയതി 2.3.17 ഖ 4 പ്രകാരം വാട്ടർ ടാപ്പുകൾ, സ്റ്റാന്റുകൾ, പൈപ്പുകൾ അനുബന്ധഉപകരണങ്ങൾ ഉൾപ്പടെ പരമാവധി 25,000/-രൂപ ഒന്നിന് എന്ന തോതിൽ നിജപ്പെടുത്തി നിർമ്മാണം നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 4 കിയോസ്കുകൾക്ക് പ്ലാറ്റ് ഫോം സ്ഥാപിക്കുന്നതിനായി 25000x4=1,00,000/-രൂപയ്ക്ക് പകരം 1,07,064/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി തുക ചെലവഴിച്ചത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

സ.ഉ (സാധാ)നം.787/2017 ഡി.എം.ഡി തീ 23.2.2017 പ്രകാരം റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന ടാങ്കുകൾക്ക് പ്ലാറ്റ് ഫോം നിർമ്മാണവും തുടർ നടത്തിപ്പും തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി ഉത്തരവ് പ്രകാരം കിയോസ്കുകളിൽ എപ്പോഴും പകുതി ഭാഗമെങ്കിലും ജലലഭ്യത ഉറപ്പുവരുത്തേണ്ടതും പാത്രങ്ങളിൽ ജലം ശേഖരിക്കുന്നതിന് സഹായകമായ രീതിയിൽ വാട്ടർ ടാപ്പുകളും അനുബന്ധ ഉപകരണങ്ങളും തദ്ദേശ സ്ഥാപനം സ്ഥാപിക്കേണ്ടതുമാണ്.

കിയോസ്കുകൾ സ്ഥാപിച്ച തോടനാൽ ആയുർവ്വേദ ആശുപത്രിക്ക് സമീപം, ആയില്യക്കുന്ന് ഭാഗം എന്നിവിടങ്ങളിൽ ഓഡിറ്റ് വിഭാഗം 5.1.19 ന് നേരിൽ പരിശോധിച്ചതിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ജലം നിറച്ചിട്ടില്ല എന്ന് കാണുന്നു. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പരമാവധി സഹായം എന്ന നിലയിൽ നടപ്പാക്കിയ പ്രവൃത്തി പ്രയോജനകരമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്,(നം.21/7.1.2019) കിയോസ്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്.

## 3-7 റോഡ് ടാറിംഗ് പ്രവർത്തികൾ--ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ വില (236+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നം. & പേര് | ഉപയോഗിച്ച ബിറ്റുമിൻ | ഉപയോഗിച്ച | ബാരലിന്റെ |
|---|---|---|---|---|

| നം. | | (in Kg) | | | ബാരലിന്റെ എണ്ണം | വില<br>@ 278/- |
|---|---|---|---|---|---|---|
| | | SS1 | RS1 | S65 | | |
| 1 | 61/18 വിഴിക്കപ്പാറ-കരിമാക്കൽ റോഡ്ടാറിംഗ്<br>(കരാറുകാരൻ-ടോമി തോമസ്) | 369.155 | 119.43 | 916.373 | 9 ബാരൽ | 2,502 |
| 2 | 60/18 കളപ്പുരയ്ക്കൽ കോളനി റോഡ് റീടാറിങ്ങ്<br>(കരാറുകാരൻ-സിജ്ജുമോൻ സി.) | | 60.07 | 563.31 | | |
| 3 | 41/18 മാളോലക്കടവ് -ചവിണിക്കുന്ന്റോഡ് ടാറിങ്ങ്<br>(കരാറുകാരൻ-സിജ്ജുമോൻ സി.) | 389.64 | 126.06 | 967.22 | | |
| 4 | 53/18തണ്ണീറാമറ്റം-കുരുന്നംമല പാറേക്കുളം റോഡ്ടാറിംഗ്<br>(കരാറുകാരൻ-സിജ്ജുമോൻ സി.) | 171.275 | 55.413 | 425.165 | SS1=2609.386/182<br>=15 ബാരൽ<br>RS1=1679.224/182<br>=10 ബാരൽ<br>S65=13451.667/156<br>=86 ബാരൽ | 15+10+86=111 x278<br>=30,858 |
| 5 | 51/18 മനക്കുന്ന്-വടയാർ റോഡ്ടാറിങ്ങ്<br>(കരാറുകാരൻ-സിജ്ജുമോൻ സി.) | 223.295 | 72.24 | 554.297 | | |
| 6 | 56/18തോക്കാട്-പാഴൂകുന്ന് റോഡ്ടാറിംഗ്<br>(കരാറുകാരൻ-സിജ്ജുമോൻ സി.) | 249.9 | 80.85 | 620.34 | | |

| | | | | |
|---|---|---|---|---|
| 7 | 55/18വാക്കപ്പലം ഐക്കര റോഡ് ടാറിങ്ങ് (കരാറുകാരൻ- സിജുമോൻ സി.) | 406.13 | 131 | 1008.158 |
| 8 | 34/18കാവുംപടി മലയിരുത്തി റോഡ് മെയിന്റനൻസ് (കരാറുകാരൻ- സിജുമോൻ സി) | | 33 | 255.16 |
| 9 | 42/18 വെള്ളാപ്പള്ളി- ഇലഞ്ഞിക്കൽ റോഡ്ടാറിംഗ് (കരാറുകാരൻ- സിജുമോൻ സി.) | 162.27 | 52.5 | 402.799 |
| 10 | 49/18തോടനാൽ ഉറുമ്പോലി റോഡ് റീടാറിംഗ് (കരാറുകാരൻ- സിജുമോൻ സി.) | | 100.125 | 938.95 |
| 11 | 38/18മറ്റപ്പള്ളി പന്നിക്കുഴി റോഡ് മെയിന്റനൻസ് (കരാറുകാരൻ- സിജുമോൻ സി.) | | 175.05 | 1641.58 |
| 12 | 50/18പാറത്താനം വെള്ളാപ്പള്ളി റോഡ്ടാറിംഗ് (കരാറുകാരൻ- സിജുമോൻ സി.) | 324 | 104.8 | 804.648 |
| 13 | 62/18ആനിച്ചുവട് പൂവക്കുളം റോഡ് റീടാറിംഗ് (കരാറുകാരൻ- | | 143 | 1342.952 |

| | | | | | | |
|---|---|---|---|---|---|---|
| | സിജുമോൻ സി.) | | | | | |
| 14 | 66/18 അള്ളുങ്കൽ വള്ളിക്കാട്ടുകുഴി റോഡ് മെയിന്റനൻസ് (കരാറുകാരൻ- സിജുമോൻ സി.) | | 324.187 | 3040.152 | | |
| 15 | 59/18 കാളചന്ത വെട്ടിക്കൊമ്പിൽ റോഡ് ടാറിങ്ങ് (കരാറുകാരൻ- സിജുമോൻ സി.) | 357.30 | 115.596 | 886.938 | | |
| 16 | 47/18 കമ്പളോങ്കൽ ഇലവനാതൊട്ടകയിൽ റോഡ്ടാറിംഗ് (കരാറുകാരൻ- സിജുമോൻ സി.) | 325.576 | 105.333 | 808.194 | | |
| | ആകെ ബിറ്റുമിൻ | 2609.386 | 1679.224 | 13451.667 | | |

ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.22/7.1.19). ബാരൽവില ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ആകെ അധികം നൽകിയ തുക Rs.30858+2502=33,360/- രൂപ കരാറുകാരിൽനിന്നോ ബിൽ തുക നൽകിയ അസിസ്റ്റന്റ്എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-8 കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചില്ല

2,20,500/- രൂപ അടങ്കലായുള്ള പ്രോജക്ട് നം.70/18 തോടനാൽ പിഎച്ച്സി മെയിന്റനൻസ് എന്ന വർക്കിന് ടെൻഡർ ക്ഷണിച്ചതിൽ താഴെ പറയുന്ന നിരക്കുകൾ ക്വോട്ട് ചെയ്ത് ടെൻഡറുകൾ ലഭിച്ചിരുന്നു.

| | |
|---|---|
| സന്തോഷ് തോമസ് പൂവരണി | 12.3% below |
| സിജുമോൻ സി. | 11.8% below |
| മനോജ് സി.എ. | 10.53% below |
| ടോമി തോമസ് | 5.7% below |

ഇതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്തത് സന്തോഷ് തോമസായിരുന്നെങ്കിലും പ്രവൃത്തി നൽകി കരാർ ഉറപ്പിച്ചത് സിജുമോൻ സി. എന്ന കരാറുകാരനാണ്(കരാർ നം.36/AE/LSGD/KVL/17-18 തീ.15.9.17). കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്തയാളെ തഴഞ്ഞ് കരാർ നൽകിയ നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/31.12.18) ശ്രീ.സന്തോഷ് തോമസ് പ്രാഥമിക കരാർ ഉടമ്പടി ഉള്ളടക്കം ചെയ്തിരുന്നില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതയാളുടെ ടെണ്ടർ അംഗീകരിക്കാതിരുന്നതിന്റെ കാരണം ബന്ധപ്പെട്ട ഫയലില്ല. കൂടാതെ മറ്റ് കരാറുകാരുടെ കരാറുടമ്പടികളും ഫയലിനൊപ്പം ഹാജരാക്കിയിരുന്നില്ല. ആയതിനാൽ കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരുന്നതിലൂടെ പ്രസ്തുത പ്രവർത്തിയുടെ ബിൽതുകയിൽ 0.5% തുക നഷ്ടമായിട്ടുണ്ട്. ആകെ

വേലമൂല്യമായ 1,90,856/-രൂപയുടെ 0.5% ആയ 954/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.5.17 ലെ ഡിബി3/6512(B) /13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തികളുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ്ചാർജ് ഇനത്തിൽ അധികമായി 2.5% തുക കൂടി കൺവീനർക്ക് നൽകാനിടയായി.

| പ്രോജക്ട് നം. &പേര് | ആകെ വേലമൂല്യം | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 122/18 കൊഴവനാൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 214507 | 214507x1.075/1.10=209631 | 4,876 |
| 112/18 മണ്ണാനി മണക്കുന്ന് റോഡ് മെയിന്റനൻസ് | 474183 | 474183x1.075/1.10 =463406 | 10,777 |
| 116/18 ഗവ.എൽ.പി.സ്കൂളിന്റെ ഉച്ചഭക്ഷണശാല അടവാക്കൽ | 133184 | 133184x1.075/1.10 =130157 | 3,027 |
| 117/18 വെയിറ്റിംഗ് ഷെഡ് നിർമ്മാണം | 110841 | 110841xx1.075/1.10 =108321 | 2,520 |
| ആകെ | | | 21,200 |

പ്രസ്തുത പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.18/7.1.19)അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.
ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 21,200/-രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-10 കൊഴവനാൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം-നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല-പരിപാലനത്തിന്റെ അഭാവം മൂലം വൃത്തിഹീനമായ നിലയിൽ

| | |
|---|---|
| പ്രോജക്ട് നം. | 122/18 |
| അടങ്കൽ | 3,00,000/- |
| ചെലവ് | 2,02,135/- |
| കൺവീനർ | ബാബു പി.വി., പീടികയിൽ |
| കരാർ നം. | 36/AE/LSGD/KVL/2016-17 തീയതി 1.02.17 |
| എംബുക്ക് നം. | 33/16-17 |

കൊഴവനാൽ ടൗണിൽ ഗ്രാമപഞ്ചായത്തിന് സമീപമായി 3 ടോയ്‌ലറ്റുകളും 2 യൂറിനലുകളുമായി കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് 2,02,135/-രൂപ പെർഫോമൻസ് ഗ്രാന്റിൽ നിന്നും 2107-18 വർഷം ചെലവഴിച്ചിരിന്നു. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്തൃസമിതി കൺവീനർ ചമച്ച കരാർ പൂർണ്ണമല്ല. മസ്റ്റർ റോൾ ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ

സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഫയലിലില്ല. ഗുണഭോക്തൃസമിതി വരവുചെലവ് കണക്കുകൾ അംഗീകരിച്ച് പാസ്സാക്കിയത് സംബന്ധിച്ച് രേഖകളില്ല. പണമിടപാടുകൾക്ക് സംയുക്ത ബാങ്ക്അക്കൗണ്ട് തുറന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 2,02135/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2) 5.1.2019ൽ പ്രസ്തുത സ്ഥലം എഞ്ചനീയറിങ്ങ് വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയതിൽ ഒരു ടോയ്‌ലറ്റ് ഉപയോഗശൂന്യമായി തുറക്കാൻ പോലും പറ്റാത്ത അവസ്ഥയിലും മറ്റ് രണ്ടെണ്ണം വൃത്തിഹീനമായ അവസ്ഥയിലും കാണപ്പെട്ടു. ടൗണിൽ കടകൾക്ക് പിറകിലായി പൊതുജനങ്ങളുടെ ശ്രദ്ധയിൽ വരാത്ത രീതിയിലാണ് കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നത്. കൂടാതെ ടോയ്‌ലറ്റ് സംവിധാനം സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല. ടോയ്‌ലറ്റുകളുടെ കൃത്യമായ പരിപാലനം നടക്കുന്നില്ലായെന്നും വ്യക്തമായി. കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തിനായി പ്രതിമാസം 1,500/- രൂപ വീതം താൽക്കാലിക ജീവനക്കാരിക്ക് നൽകിവരുന്നുണ്ടെങ്കിലും ശുചീകരണം നടക്കുന്നുവെന്നത് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തുന്നില്ല. കൂടാതെ സാമൂഹ്യവിരുദ്ധരുടെ താവളമായും ടി സ്ഥലം ഉപയോഗിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഫീസ് ഈടാക്കാമെന്ന വ്യവസ്ഥയിൽ ലേലവ്യവസ്ഥയിൽ കംഫർട്ട് സ്റ്റേഷൻ കുത്തകക്കാർക്ക് നൽകാനുള്ള സാദ്ധ്യത ഗ്രാമപഞ്ചായത്തിന്റെ പരിപാലനചെലവ് കുറയ്ക്കാൻ സഹായകരമാകുന്നതാണ്. ഈ വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## **3-11** വലിയകുന്ന് അമ്പലം- പൂളിക്കത്തടം റോഡ് ടാറിംഗ് - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 46/18 |
| അടങ്കൽ | 3,20,000/- |
| ചെലവ് | 3,19,818/- |
| കൺവീനർ | മാത്തച്ചൻ വാടാന |
| കരാർ നം. | 21/AE/LSGD/KVL/2017-18 തീയതി 16.9.17 |
| എംബുക്ക് | 21/17-18 |
| ബിൽ നം. | 79/17-18 തീയതി 22.03.18 |

പ്രസ്തുത പ്രൊജക്ടിന്റെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. 16.9.17 ന് കരാർ വച്ച ടി പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 16.12.17 നായിരുന്നു. എന്നാൽ എംബുക്ക് പേജ് നം. 13 പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവുകളെടുത്തിരിക്കുന്നത് 2.3.2018 നാണ്. പ്രവർത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി നിർവ്വഹണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സമുള്ളതായി ഫയലിൽ രേഖകളില്ല. കാലതാമസത്തിന് കേരള പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ (പിഎസി യുടെ 1%) തുക ഈടാക്കിയിട്ടുമില്ല. പിഴ തുകയായി 319852x1%=3,199/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.17/7.1.19)കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അടയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

## **3-12** മണ്ണാനി മണക്കുന്ന് റോഡ് മെയിന്റനൻസ്- എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം -എസ്റ്റിമേറ്റ് പുതുക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 112/18 |
| അടങ്കൽ | 4,75,000/- |
| ചെലവ് | 4,74,183/- |
| കൺവീനർ | നാരായണൻ നായർ |
| കരാർ നം. | 23/AE/LSGD/KVL/2016-17 തീയതി 17.1.17 |
| എംബുക്ക് നം. | 16/16-17 |
| ബിൽ നം. | 90/17-18 തീയതി 27.03.18 |

പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം 600m2 റോഡ് റീടാറിങ്ങ് നടത്തുന്നതിന് 1,57,536.92/- രൂപയും 60m നീളത്തിലും 1m വീതിയിലും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 3,16,430.69/-രൂപയും വകയിരുത്തി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. എന്നാൽ നിർവ്വഹണ വേളയിൽ റോഡ് റീടാറിംഗ് പ്രവൃത്തി പൂർണ്ണമായും ഒഴിവാക്കി സംരക്ഷണഭിത്തി നിർമ്മാണം മാത്രം താഴെപ്പറയുന്ന അളവുകളിൽ നിർവ്വഹണം നടത്തിയതായി കാണുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പ്രകാരമുള്ള സംരക്ഷണഭിത്തിയുടെ അളവുകൾ | EW Excavation-60x1x0.5=30m3<br>DR Masonary-60x1x0.5=30m3(Foundation)<br>DR Masonary-60x0.7x2=84m3(SS)<br>Pcc 1:2:4 -60x0.5x0.05 |
| സംരക്ഷണഭിത്തിയുടെ ചെയ്ത പ്രവർത്തികൾ | EW Excavation-35x2.3x0.6=48.30m3<br>DRMasonary-35x2.3x0.6=48.30m3(Fdn)<br>DR Masonary-60x1.75x2.1=128.625m3(SS) |

ഇപ്രകാരം റോഡ് റീടാറിംഗ് പ്രവർത്തി ഒഴിവാക്കി റോഡ് നിർമ്മാണത്തിന് വകയിരുത്തിയ തുകയായ 1,57,536.92/-രൂപ കൂടി സംരക്ഷണഭിത്തി നിർമ്മാണത്തിന് ചെലവഴിക്കുകയാണുണ്ടായത്. സംരക്ഷണഭിത്തിയുടെ നീളത്തിൽ കുറവ് വരുത്തുകയും വീതിയിൽ വ്യത്യാസം വരുത്തുകയും ചെയ്ത സാഹചര്യം വ്യക്തമല്ല. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയതായി ഫയലിൽ കാണുന്നില്ല. എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങാതെ പ്രവർത്തിയുടെ അളവുകളിൽ വ്യത്യാസം വരുത്തി നടപ്പാക്കിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/7.1.2019)എസ്റ്റിമേറ്റ് പുതുക്കിയതിന് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 29.1.2019ൽ മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ വാങ്ങാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പ്രവർത്തി നിർവ്വഹണം നടത്തിയ നടപടി സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 4,74,183 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 പൗവ്വത്ത് എലവനാതൊട്ടുക എള്ളംപ്ലാക്കൽ റോഡ് ടാറിംഗ് - പ്രവർത്തി പാതി വഴിയിൽ അവസാനിപ്പിച്ചത് -ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ട് നം. | 45/18 |
| അടങ്കൽ | 5,45,000/- |
| ചെലവ് | 2,43,552/- |
| കരാറുകാരൻ | ടി.ഡി.ചന്ദ്രശേഖരൻ |
| കരാർ നം. | 39/AE/LSGD/KVL/2017-18 തീയതി 21.11.17 |
| എംബുക്ക് നം. | 39/17-18 |
| ബിൽ നം. | 61/17-18 തീയതി 22.02.18 |

പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം 225m നീളത്തിലും 2.8m വീതിയിലും റോഡ് ടാർ ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 130m നീളത്തിലും 2.8m വീതിയിലും മാത്രം ടാർ ചെയ്ത് പ്രവർത്തി അവസാനിപ്പിച്ച് ഫൈനൽ ബിൽ തുക നൽകിയിരുന്നു. പ്രസ്തുത പ്രോജക്ടിന് ഇ-ടെൻഡർ മുതലായ നടപടിക്രമങ്ങളിലൂടെ കരാറുകാരനെ തെരഞ്ഞെടുക്കുകയും കരാർ ഉറപ്പിക്കുകയും ചെയ്തതിന് ശേഷം കരാറിൽ നിന്നും പിൻമാറിയ

ടിയാൾക്ക് റിടെൻഷൻ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും കൈമാറി നൽകിയ നടപടി ക്രമപ്രകാരമല്ല. 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2116.2 പ്രകാരം കരാറുകാരൻ കുറച്ച് പണികൾ ചെയ്തതിന് ശേഷം മതിയായ കാരണങ്ങളില്ലാതെ ഒഴിവാക്കി പോയാലും പ്രവർത്തി പൂർത്തീകരിക്കാതിരുന്നാലും കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും പണി പൂർത്തിയാക്കാമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാച്ചെലവ് അധികമായി അനുവദിച്ചു

സർക്കാർ ഉത്തരവ് (സാധാ) നം.3217/2015/സാധാ തീയതി 29.10.2015, ഖണ്ഡിക 2.8.17 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരായി പ്രവർത്തിക്കുന്നവർക്ക് ആറ് മാസത്തിലൊരിക്കൽ നൽകുന്ന ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് യഥാർത്ഥ യാത്രാചെലവ് നൽകാവുന്നതാണ്. എന്നാൽ കൊഴുവനാൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2017-18 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 30/2018-ം നമ്പർ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് കെയർ നഴ്സിന് വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി 200/- രൂപാ നിരക്കിൽ നിശ്ചിത യാത്രാബത്ത പ്രോജക്ടിൽ നിന്ന് അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (15/05.01.2019) തദ്ദേശ സ്വയംഭരണ (ഇപിഎഫ്) വകുപ്പിന്റെ 29.11.2017ലെ സ.ഉ.(സാധാ) നം. 3845/2017/തസ്വഭവ ഉത്തരവ് പ്രകാരമാണ് യാത്രാച്ചെലവ് അനുവദിച്ചതെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി. എന്നാൽ തദ്ദേശ സ്വയംഭരണ (ഇപിഎഫ്) വകുപ്പിന്റെ 29.11.2017ലെ സ.ഉ.(സാധാ) നം. 3845/2017/തസ്വഭവ ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഔദ്യോഗിക ആവശ്യാർത്ഥം നടത്തുന്ന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്രാചെലവ് നൽകാവുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത്. യഥാർത്ഥ യാത്രാചെലവിന് പകരം ഏത് ദൂരത്തിലുള്ള യാത്രക്കും 200/- രൂപാ നിരക്കിൽ നിശ്ചിത യാത്രാബത്ത നൽകിയത് സർക്കാർ ഉത്തരവുകൾ പ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പാലിയേറ്റീവ് ആംബുലൻസ് വാടക-കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല

കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് ആംബുലൻസിന്റ വാടകയിനത്തിൽ ഈടാക്കുന്ന തുക കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല. മിനിമം ചാർജ്(റണ്ണിംഗ് കി.മി.6 രൂപ)120 രൂപ, 20 കി.മീ. ന് മുകളിൽ റണ്ണിംഗ് കി.മി 6.00 രൂപ, മരണാനന്തര ചടങ്ങുകൾക്ക് 300, ജില്ലയ്ക്ക് വെളിയിൽ പോകുന്ന യാത്രക്ക് ഡ്രൈവർ ബാറ്റാ 250 രൂപ, കൊഴുവനാൽ നിവാസികളായ ബി.പി.എൽ.കാർക്ക് 50% സൗജന്യം, മറ്റ് പഞ്ചായത്ത് നിവാസികൾക്ക് മിനിമം ചാർജ്(റണ്ണിംഗ് കി.മീ 20) 300 രൂപ,20 കി.മീ മുകളിൽ റണ്ണിംഗ് കി.മീ 8 രൂപ, വെയ്റ്റിംഗിന് ചാർജ് ആദ്യ ഒരു മണിക്കൂറിന് ശേഷം 40 രൂപ, മരണാനന്തര ചടങ്ങുകൾക്ക്(വീട് മുതൽ പള്ളി വരെ)(റണ്ണിംഗ് കി.മീ 30) 500 രൂപ എന്നിങ്ങനെയാണ് വാടക ഈടാക്കി വരുന്നത്. വാഹനത്തിന് വേണ്ടി വരുന്ന ഇന്ധനച്ചെലവ് കണക്കിലെടുക്കുമ്പോൾ തുലോം തുഛമായ സംഖ്യയാണ് വാടകയിനത്തിൽ ലഭിക്കുന്നത്. ആയതിനാൽ നിർദ്ധനരായ ഗുണഭോക്താക്കൾക്ക് അധിക ബാദ്ധ്യത വരാത്ത രീതിയിൽ കാലാനുസൃതമായി വാടക പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 നിയമാനുസൃതമായ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വേണ്ടി എസ്.സി ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ സ്കൂൾ അധികൃതർ നൽകിയ സാക്ഷ്യ പത്രം മാത്രമാണ് ജാതി തെളിയിക്കുന്നതിനായി പരിഗണിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. തഹസീൽദാർ മുഖേന നൽകുന്ന സർട്ടിഫിക്കറ്റാണ് ജാതി തെളിയിക്കുന്ന ആധികാരിക രേഖയായി പരിഗണിക്കേണ്ടത്. സ്കൂൾ അധികൃതർ നൽകുന്ന സർട്ടിഫിക്കറ്റ് വിദ്യാർത്ഥികളാണ് എന്നത് തെളിയിക്കുന്ന രേഖയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ തുടർ വർഷങ്ങളിൽ അപേക്ഷകൾ പരിഗണിക്കുമ്പോൾ ഒറിജിനൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ഗുണഭോക്താക്കളോട് നിർദ്ദേശിക്കേണ്ടതാണ്

## 3-17 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം./ പ്രോജക്ട് | ചെലവ് (രൂപ) | റിമാർക്ക്സ് | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 84/18 തെരുവ് വിളക്ക് - പുതിയ ലൈൻ വലിക്കൽ | 10,99,960 (13-ാം ധനകാര്യ കമ്മീഷൻ) | ബിൽ നം.32/18/28.02.18 - 1,03,853 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി.കിടങ്ങൂർ, ബിൽ നം.34/18/28.02.18 - 9,96,107 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി.പൈക | സെക്രട്ടറി |

കെ.എസ്.ഇ.ബി.യുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം മേൽ പ്രവൃത്തികൾ 04.09.18 ന് പൂർത്തികരിക്കേണ്ടിയിരുന്നു. എന്നാൽ കെ.എസ്.ഇ.ബി.പൈക സെക്ഷനിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രോജക്ടിനായി കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയിട്ടുള്ള തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 10,99,960 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | വീട് വാസയോഗ്യമാക്കൽ (എസ്.സി)(പ്രോജക്ട് നം.28/18) | 6,00,000/- | 28.04.2017 | 3,75,000/- | 2.25,000/- |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം.86/18) | 80,000 | 20.08.2017 | 80,000 | 0 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രോജക്ട് നം.73/18) | 1,75,000 | 30.8.17, 20.03.2018 | 1,75,000 | 0 |
| ആകെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചത് | | 8,55,000 | - | 6,30,000 | 2,25,000 |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് 2017-18 മുതൽ പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ച് ആയതിലൂടെയാണ് വിനിമയം നടത്തുന്നത്.

### 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈറ്റിനുവേണ്ടി പുതിയ ലൈൻ വലിക്കൽ (പ്രോജക്ട് നം.84/18) | 10,99,960/- | 27.02.2018, 28.02.2018 | -- | 10,99,960 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ.ആർ. ടി. 823/10 /ത.സ്വ.ഭ.വ തീയതി 11.03.10 | 23,00,000 | 3,42,386 | -- | -- | 3,42,386 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 2,75,483 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,75,483 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എൻഡോവ്മെന്റ് എഫ്.ഡി. തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് (പലിശ ദുരിതാശ്വാസ നിധിയിലേക്ക് വകമാറ്റുന്നു 10&%) | 2,75,483 രസീത് നം. എഫ്.ഡി.19/25.02.15 |
| ആകെ | **2,75,483** |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,109/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2005-06 | 3-2 | 170 | മുൻ ഹെഡ് ക്ലാർക്ക് | 117020102115/ 01.02.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 8 | 1950 | ജോർജ്ജ് ജോസഫ് | 117020100493/ 17.07.2017 |
| 1998-99 | 5 | 744 | നാരായണൻ നമ്പൂതിരി | 117020102113/ 01.02.2018 |
| 2000-01 | 8 | 245 | എ.ആർ.ഉമാനന്ദൻ | 117020102114/ 01.02.2018 |

ഇതിൽ 170/- രൂപ പെനാൽറ്റീസ് &ഫൈൻ (180400102) എന്ന ശീർഷകത്തിലും 2,939/- രൂപ എംപ്ലോയീസ് റിക്കവറി -അദേഴ്സ്(180400199) എന്ന ശീർഷകത്തിലുമാണ് വരവ് വച്ചിരുന്നത്. ഓഡിറ്റ് റിക്കവറി എന്ന ശീർകത്തിൽ വരവ് വന്നിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ലഭിച്ച തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം1- 4(2) | 2004-05<br>3-5 (2) | കെട്ടിട നികുതി ഡിമാന്റിൽ ചേർത്ത് അടച്ചില്ല | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 7,56,04,440.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,73,08,679 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6,087 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,79,658 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,76,278 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3-1 | 2,900 | | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 2-5 | 3,187 | | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 3-5 | | 1,20,945 | ജോഷി ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 33,360 | ജോഷി ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-8 | | 954 | ജോഷി ജോസഫ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 21,200 | ജോഷി ജോസഫ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 3,199 | ജോഷി ജോസഫ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **6,087** | **1,79,658** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 2,02,135 | ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 4,74,183 | ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | 10,99,960 | ശ്രീ.ലിജോ ജോബ് |
| ആകെ | **17,76,278** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ലിജോ ജോബ്, സെക്രട്ടറി | സെക്രട്ടറി, കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | തെക്കേത്തെരുവിൽ,<br>പാലാ പി.ഒ.-686575 |
| ശ്രീ.ജോഷി ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ(റിട്ടയേർഡ്) | ചെത്തിമറ്റത്തിൽ, കാഞ്ഞിരപ്പള്ളി പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11/ 6.4.11 | 2 |
| 1997-98(ചെലവ്) | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(1)/03.03.18 | 2 |
| 1998-99 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(2)/03.03.18 | 3 |
| 1999-2000 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(3)/03.03.18 | 1 |

| | | |
|---|---|---|
| 2000-01 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(4)/03.03.18 | 6 |
| 2001-02 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(5/03.03.18 | 1 |
| 2002-03 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./ 18/215(6)/03.03.18 | 3 |
| 2003-04 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 215(8)/18/3.3.18 | 2 |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11/ 6.4.11 | 6 |
| 2004-05 | നം.കെ.എസ്.എ-കെ.ടി.എം.പി.7/(അദാ)18/ 215(9)18/3.3.18 | 9 |
| 2005-06 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(10)/18/3.3.18 | 7 |
| 2006-07 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(11)18/3.3.18 | 5 |
| 2007-08 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(12)/18/3.03.18 | 4 |
| 2008-09 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(13)/18/3.3.18 | 1 |
| 2009-10 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(14)/18/3.3.18 | 5 |
| 2010-11 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(15)/18/3.3.18 | 3 |
| 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(16)/18/3.3.18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |
| 2013-14, 14-15 | കെ.എസ്.എ-കെ.ടി.എം.പി7/1639/ 17/21.11.17 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/1640/ 17/21.11.17 | 13 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7/2025/ 17/26.12.17 | 13 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-കെ.ടി.എം.പി**7/18/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: **04812564886**

ഇ-മെയിൽ: **doktm.ksad@kerala.gov.in**

തീയതി: **20.02.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ **2017-18-**ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം